**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3066** **25-06-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന മാതൃകാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ ആദിവാസി ഊരുകളിൽ ഫിഷറീസ് വകുപ്പ് മുഖേന ഏതെങ്കിലും മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ പേരും വിശദാംശങ്ങളും ചെലവഴിക്കുന്ന തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ ആദിവാസി ഊരുകളിൽ ഫിഷറീസ് വകുപ്പ് മുഖേന മാതൃകാ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന PMMSY പദ്ധതി പ്രകാരം Backyard Ornamental Unit, Recirculatory Aqua Culture System (RAS) എന്നീ പദ്ധതികളും ജനകീയ മത്സ്യകൃഷി (JMK) പദ്ധതി പ്രകാരം നിലവിലുള്ള കുളങ്ങൾക്ക് മത്സ്യകുഞ്ഞുങ്ങളെ നൽകുന്ന പദ്ധതിയും പട്ടിക വർഗ്ഗ കോളനികളിലെ പൊതുകുളങ്ങളിൽ മത്സ്യകുഞ്ഞ് നിക്ഷേപം പദ്ധതിയും പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി അര സെന്റിൽ കുളം കുഴിച്ച് മീൻ വളർത്തുന്ന പദ്ധതിയായ 'മുറ്റത്തൊരു മീൻതോട്ടം' പദ്ധതിയും നടപ്പാക്കി വരുന്നു.<br><br>1. ബാക്കിയാർഡ് ഓർണമെൻറൽ പദ്ധതി പ്രകാരം 3 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന അലങ്കാര മത്സ്യയൂണിറ്റ് സ്ഥാപിക്കുകയും 60% സബ്സിഡി ഇനത്തിൽ 1,80,000/-രൂപ ഗുണഭോക്താവിന് ലഭിക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പ്രകാരം അങ്ങാടിപ്പുറം പഞ്ചായത്തിൽ എസ്.ടി ഗുണഭോക്താവായ ശ്രീ.കുട്ടൻ എന്ന വ്യക്തി മേൽ യൂണിറ്റ് നടത്തിവരുന്നുണ്ട്.<br><br>2. റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) പദ്ധതി പ്രകാരം ആകെ 7.50 ലക്ഷം രൂപ പദ്ധതി ചെലവ് വരുന്ന പദ്ധതിയിൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം പദ്ധതിയുടെ 60% തുകയായ 4.5 ലക്ഷം രൂപ ഗുണഭോക്താവിന് നൽകുന്നു. മേൽ പദ്ധതി പ്രകാരം മൂത്തേടം പഞ്ചായത്തിലെ ഉച്ചക്കുളം കോളനിയിലെ ശ്രീ.ബാലൻ എന്ന വ്യക്തിക്ക് അനുവദിച്ചിരുന്നു. ഈ പദ്ധതി പട്ടിക വർഗ്ഗ വകുപ്പുമായി സംയോജിച്ച് ഗുണഭോക്തൃ വിഹിതമായ |

| | | | |
|---|---|---|---|
| | | | 40% തുക (3 ലക്ഷം രൂപ) പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ലഭ്യമാക്കി ഫിഷറീസ് വകുപ്പ് മുഖേന നൽകുന്നതാണ്. ടി വ്യക്തിക്ക് വനാവകാശ നിയമ പ്രകാരം ലഭിച്ച 13.25 സെൻറ് സ്ഥലത്ത് പദ്ധതി നടത്തുവാൻ മുന്നോട്ട് പോയെങ്കിലും മേൽ സ്ഥലത്ത് ഉച്ചക്കുളം കോളനിയിലെ മറ്റു വ്യക്തികൾ വീട് വെച്ച് താമസം തുടങ്ങിയതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഈ കോളനിയിൽ തന്നെയുള്ള മറ്റൊരു സ്ഥലത്ത് പദ്ധതി തുടങ്ങുന്നതിന് അനുമതി തേടുകയും ഇത് സംബന്ധിച്ചുള്ള നടപടികൾ പൂർത്തീകരിച്ച് വരുകയും ചെയ്യുന്നു. പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതാണ്.<br><br>3. ചാലിയാർ പഞ്ചായത്തിലെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മുറ്റത്തൊരു മീൻതോട്ടം പദ്ധതി പ്രകാരം വിവിധ പ്രദേശങ്ങളിൽ 18 യൂണിറ്റുകൾക്ക് 100% സബ്സിഡിയോടു കൂടി മത്സ്യകുഞ്ഞുങ്ങൾ (യൂണിറ്റിന് 1000/- രൂപ വീതം) നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിൻറെ മേൽനോട്ടത്തോടു കൂടിയാണ് ഇവ നടപ്പിലാക്കുന്നത്.<br><br>JMK പദ്ധതി പ്രകാരം നിലവിലുള്ള 5 കുളങ്ങളിൽ നിക്ഷേപിക്കുന്നതിന് 5000 മത്സ്യ വിത്തുകളും നൽകിയിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മത്സ്യഭവന് കീഴിൽ മൂത്തേടം ഗ്രാമപഞ്ചായത്തിലെ ഉച്ചക്കുളം ആദിവാസി കോളനിയിൽ മത്സ്യം വളർത്തൽ പദ്ധതിക്ക് ഫിഷറീസ് വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് നൽകിയതെന്ന് അറിയിക്കാമോ; മത്സ്യം വളർത്തൽ പദ്ധതി പട്ടികവർഗ്ഗ വകുപ്പുമായി സംയോജിച്ചാണോ ചെയ്യുന്നതെന്നും ഫണ്ട് നൽകുന്നതിന്റെ വകുപ്പുകളുടെ അനുപാതം എത്രയാണെന്നും അറിയിക്കാമോ; | (ബി) | റീസർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം (RAS) പദ്ധതി പ്രകാരം ആകെ 7.50 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിയിൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം പദ്ധതിയുടെ 60 ശതമാനം തുകയായ 4.5 ലക്ഷം രൂപ ഗുണഭോക്താവിന് നൽകുന്നു. മേൽ പദ്ധതി പ്രകാരം മൂത്തേടം പഞ്ചായത്തിലെ ഉച്ചക്കുളം കോളനിയിലെ ശ്രീ.ബാലൻ എന്ന വ്യക്തിക്ക് അനുവദിച്ചിരുന്നു. ഈ പദ്ധതി പട്ടിക വർഗ്ഗ വകുപ്പുമായി സംയോജിച്ച് ബാക്കി വരുന്ന ഗുണഭോക്തൃവിഹിതമായ 40 ശതമാനം തുകയായ 3 ലക്ഷം രൂപ പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ലഭ്യമാക്കി ഫിഷറീസ് വകുപ്പ് മുഖേന നൽകുന്നതാണ്. ടി വ്യക്തിക്ക് വനാവകാശ നിയമ പ്രകാരം ലഭിച്ച 13.25 സെൻറ് സ്ഥലത്ത് പദ്ധതി നടത്തുവാൻ മുന്നോട്ട് പോയെങ്കിലും മേൽ സ്ഥലത്ത് ഉച്ചക്കുളം കോളനിയിലെ മറ്റു വ്യക്തികൾ വീട് വെച്ച് താമസം തുടങ്ങിയതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഈ കോളനിയിൽ തന്നെയുള്ള മറ്റൊരു സ്ഥലത്ത് പദ്ധതി തുടങ്ങുന്നതിന് അനുമതി തേടുകയും ഇത് സംബന്ധിച്ചുള്ള നടപടികൾ പൂർത്തീകരിച്ച് വരുകയും ചെയ്യുന്നു. പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ജില്ലയിലെ ഉൾവനങ്ങളിലെ ആദിവാസി ഊരുകളോടനുബന്ധിച്ചുള്ള പുഴകളിലും ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. 2021-22 വർഷത്തിൽ ആദിവാസി ഊരുകളിലെ ജനങ്ങൾക്ക് പുഴകളിലെ മൽസ്യ സമ്പത്ത് വർധിപ്പിക്കുന്നതിന്റെ ഭാഗമായി ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിലായി 5 ലക്ഷം കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഇതിന്റെ സംരക്ഷണത്തിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് ഇൻലാൻഡ് പട്രോളിംഗ്, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു. പട്ടിക വർഗ്ഗ കോളനികളിലെ പൊതുകുളങ്ങളിൽ മത്സ്യകുഞ്ഞുനിക്ഷേപം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ